**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 355** **06-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾ നേരിടുന്ന ചൂഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ്,<br>ഡോ. എം.കെ . മുനീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കെ. പി. എ. മജീദ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യത്തിന് മതിപ്പുവില മാത്രം നൽകി മത്സ്യവ്യാപാരികൾ ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മത്സ്യത്തിന്റെ വില നിർണ്ണയിക്കുന്ന കാര്യത്തിൽ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ ഹാർബറുകളുടെയും, ലാന്റിംഗ് സെന്ററുകളുടെയും അടിസ്ഥാന സൗകര്യം വികസിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും, മെച്ചപ്പെട്ട പരിപാലനം ഉറപ്പ് വരുത്തുന്നതിനുമായി 19 മത്സ്യബന്ധന തുറമുഖങ്ങളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മത്സ്യത്തിന്റെ അടിസ്ഥാനവില നിശ്ചയിക്കുക, ഹാർബറിനുള്ളിലെ മത്സ്യലേലത്തിലും, വില്പനയിലും ഉണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് അർഹിക്കുന്ന വില ഉറപ്പാക്കുക, ഹാർബറിലെ ലേലം, മത്സ്യ വിൽപ്പന, ഗുണനിലവാര പരിപാലനം എന്നിവ നിയന്ത്രിക്കുക തുടങ്ങിയ ചുമതലകളും കർത്തവ്യങ്ങളും ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയിൽ നിക്ഷിപ്തമാണ്. ബഹു. ജില്ലാ കളക്ടർ ചെയർമാനായ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർക്ക് പുറമെ അതാത് പ്രദേശത്തെ ജനപ്രതിനിധികളും, തൊഴിലാളി സംഘടനാ നേതാക്കളും, മത്സ്യത്തൊഴിലാളികളും, യാന ഉടമകളും അംഗങ്ങളാണ്. ആയതിനാൽ, മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിലും, മത്സ്യത്തൊഴി ലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കി ന്യായമായ വില ഉറപ്പുവരുത്താനും ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയ്ക്ക് കഴിയുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | മത്സ്യത്തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ ഹാർബറുകളുടെയും, ലാന്റിംഗ് സെന്ററുകളുടെയും അടിസ്ഥാന സൗകര്യം വികസിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും, മെച്ചപ്പെട്ട പരിപാലനം ഉറപ്പു വരുത്തുന്നതിനുമായി 19 മത്സ്യബന്ധന തുറമുഖങ്ങളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മത്സ്യത്തിന്റെ അടിസ്ഥാനവില നിശ്ചയിക്കുക, ഹാർബറിനുള്ളിലെ മത്സ്യലേലത്തിലും, വില്പനയിലും ഉണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് അർഹിക്കുന്ന വില ഉറപ്പാക്കുക, ഹാർബറിലെ ലേലം, മത്സ്യ വിൽപ്പന, ഗുണനിലവാര പരിപാലനം എന്നിവ നിയന്ത്രിക്കുക തുടങ്ങിയ ചുമതലകളും കർത്തവ്യങ്ങളും ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയിൽ നിക്ഷിപ്തമാണ്. ബഹു. ജില്ലാ കളക്ടർ ചെയർമാനായ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർക്ക് പുറമെ അതാത് പ്രദേശത്തെ ജനപ്രതിനിധികളും, തൊഴിലാളി സംഘടനാ നേതാക്കളും, മത്സ്യത്തൊഴിലാളികളും, യാന ഉടമകളും അംഗങ്ങളാണ്. ആയതിനാൽ, മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിലും, മത്സ്യത്തൊഴി ലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കി ന്യായമായ വില ഉറപ്പുവരുത്താനും ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയ്ക്ക് കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ